ബിഭ്രദ്വേണും ജഠപപടയോ: ശൃംഗവേത്രേ ച കക്ഷേ
വാമേ പാണൌ മസൃണകബളം തത്ഫലാന്യംഗുലീഷു
തിഷ്ഠൻ മദ്ധ്യേ സ്വപരിസുഹൃദോ ഹാസയൻ നർമ്മഭി: സ്വൈ:
സ്വർഗ്ഗേ ലോകേ മിഷതി ബുഭുജേ യജ്ഞഭുഗ്ബാല കേളി: **(10–13–11)**
യാവദ്വത്സപവത്സകാൽപകവപുര്യാവത് കരാങ്ഘ്ര്യാദികം
യാവദ്യഷ്ടി വിഷാണവേണുദളശി ഗ്യാവദ്വിഭൂഷാംബരം
യാവച്ഛീലഗുണാഭിധാകൃതിവയോ യാവദ്വിഹാരാദികം
സർവ്വം വിഷ്ണുമയം ഗിരോƒംഗവദജ: സർവ്വസ്വരൂപോ ബഭൌ **(10–13–19)**

*ആ ഒരു വർഷം എങ്ങിനെ കഴിഞ്ഞു പോയി എന്ന പരീക്ഷിത്തിൻെറ ചോദ്യത്തിനുത്തരമായി ശുകമുനി തുടർന്നു:* മലമ്പാമ്പിൻെറ (അഘാസുരൻ) വായിൽനിന്നും എല്ലാവരും പുറത്തുവന്നു എന്നു പറഞ്ഞുവല്ലൊ. കൃഷ്ണൻ എല്ലാവരെയും കൂട്ടി നദീതീരത്ത് ഉല്ലാസയാത്രക്ക് പോയി. പഞ്ചാരമണൽതിട്ട. പശുക്കുട്ടികൾ പുല്ലു മേയുന്നു. കൃഷ്ണൻ നടുവിലിരുന്ന് മറ്റു കുട്ടികൾ ചുറ്റും വട്ടത്തിലിരുന്ന് ഭക്ഷണം കഴിക്കാൻ തയ്യാറായി. അവരെല്ലാം സ്വന്തം വിടുകളിൽനിന്നും ആഹാരം കൊണ്ടു വന്നിരുന്നു. ഇലകളും മരത്തോലും മറ്റും പാത്രങ്ങളായി. ഉല്ലാസത്തിമിർപ്പോടെ അവർ ഭക്ഷണം കഴിച്ചു. തമാശ പറഞ്ഞും പൊട്ടിച്ചിരിച്ചുമിരിക്കുന്ന ബാലൻമാർക്കു നടുവിലായി കൃഷ്ണൻ. ഓടക്കുഴൽ മടിയിൽത്തിരുകി വടിയും കൊമ്പും കക്ഷത്തിലിറുക്കി വെണ്ണകൂട്ടി കുഴച്ച ചോറ് ഇടതു കയ്യിലും തൊട്ടുകറികൾ വിരലുകൾക്കിടയിലും വച്ച് കൃഷ്ണൻ കൂട്ടുകാരെ ഉല്ലസിപ്പിച്ചങ്ങിനെ വിളങ്ങി. ദേവതകൾ ഭഗവാൻെറ ഈ ബാലരൂപം കണ്ട് അതിശയിച്ചു.

അങ്ങിനെയിരിക്കെ പൈക്കുട്ടികൾ പുല്ലുമേഞ്ഞ് കാടുകയറിപ്പോയി. നദിക്കരയിൽ കൂട്ടുകാരെ ഇരുത്തി പൈക്കളെ തിരിച്ചു കൊണ്ടുവരാമെന്നും പറഞ്ഞ് കൃഷ്ണൻ അവരെ സമാധാനപ്പെടുത്തി. കൃഷ്ണൻ ഗോക്കളെ തിരയുന്ന സമയത്ത് സൃഷ്ടാവായ ബ്രഹ്മാവ് കൃഷ്ണൻെറ ലീലാവിനോദങ്ങൾ കണ്ട് ആശ്ചര്യപ്പെട്ടിരുന്നുവെങ്കിലും ഒരു മായാപ്രയോഗം നടത്തി. പശുക്കുട്ടികളെയും ഗോപാലൻമാരെയും അപഹരിച്ച് അവരെ ഒളിപ്പിച്ചുവച്ചു. താനും ഒളിച്ചു നിന്നു. കൃഷ്ണൻ പൈകുട്ടികളെ കാണാതലഞ്ഞ് തിരികെ നദീതീരത്തു വരുമ്പോൾ ഗോപാലൻമാരാരും അവിടെയില്ല. കൃഷ്ണന് ബ്രഹ്മാവിൻെറ വിദ്യ മനസ്സിലായി.

സർവ്വം വിഷ്ണുമയം ജഗത് എന്ന ശാസ്ത്രവിളംബരത്തെ അന്വർത്ഥമാക്കാൻ ഭഗവാൻ പൈക്കുട്ടികളായും ഗോപാലൻമാരായും സ്വയം പരിണമിച്ചു. മാത്രമല്ല അവയുടെ ആഭരണാദികളും സാമഗ്രികളും വസ്തുക്കളുമെല്ലാമായി അതേപടി ഭഗവാൻ സ്വയം മാറി. ബ്രഹ്മാവു മോഷ്ടിച്ചു കൊണ്ടുപോയ പശുക്കളുടേയും മേച്ചുനടന്ന ഗോപാലൻമാരുടേയും മറ്റും യഥാതഥപതിബിംബങ്ങൾ ക്ഷണനേരത്തി ലവിടെയുണ്ടായി. അതേ നിറം തരം സ്വഭാവം പ്രായം ഭാവഹാവാദികൾ നാമം മാനസീകാവസ്ഥകൾ എന്നിവയെല്ലാമയി കൃഷ്ണൻ സ്വയം പ്രകാശിച്ചു. അന്ന് വൈകുന്നേരം കൃഷ്ണൻ സംഘത്തെ നയിച്ചുകൊണ്ട് ഗ്രാമത്തിൽ തിരിച്ചെത്തി. തൻെറ ആത്മസ്വരൂപം സ്വയം കൃഷ്ണനും പശുക്കളും ഗോപാലൻമാരും എല്ലാമായി ഗ്രാമത്തിലെത്തിയപാടെ ഓരോരുത്തരും അവരവരുടെ വീടുകളിലേക്ക് കാലികളേയും തെളിച്ചു കൊണ്ടു പോയി. അവിടെ യാതൊരു വ്യത്യാസവുമില്ലാതെ താമസിച്ചു.